| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| എട്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1101 | 21-03-2013 - ൽ മറുപടിക്ക് |

## സ്റ്റുഡന്റ്സ് പോലീസ് സംസ്ഥാന പരിശീലകനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾക്കെതിരെ വിദ്യാഭ്യാസ വകുപ്പു നടത്തിയ മൂല്യബോധന യാത്രയുടെ സമാപനത്തിൽ സ്റ്റുഡന്റ് പോലീസ് സംസ്ഥാന പരിശീലകൻ സ്ത്രീകളെയും, പെൺകുട്ടികളെയും അവഹേളിച്ച് അപമര്യാദമായ പരാമർശങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) & (ബി) | സ്റ്റുഡൻസ് സംസ്ഥാന പരിശീലകന്റെ വിവാദപ്രസംഗം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.റ്റി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇയാൾക്കെതിരെ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സഖീ വിമൺസ് റിസോഴ്സ് സെന്റർ കോ-ഓർഡിനേറ്റർ ആയ ശ്രീമതി.മേഴ്സി അലക്സാണ്ടർ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതി ഡി.സി.ആർ.ബി അസിസ്റ്റന്റ് കമ്മീഷണറുടെ അന്വേഷണത്തിലിരിക്കുകയാണ്. |
| (ബി) | എങ്കിൽ വിവാദ പ്രസംഗം നടത്തിയ ഈ പരിശീലകനെതിരെ എന്തൊക്കെ വകുപ്പുതല നടപടികളാണ് സ്വീകരിച്ചത്; ഇയാൾക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തുവോ; വ്യക്തമാക്കുമോ; | | |
| (സി) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏത് സ്ഥാപനത്തിലാണ് ഈ പരിശീലകൻ ജോലി നോക്കുന്നതെന്നും, സംസ്ഥാന പരിശീലകനാകാൻ ഇയാൾക്ക് എന്താണ് യോഗ്യതയായി വിദ്യാഭ്യാസ വകുപ്പ് കണ്ടതെന്നും വ്യക്തമാക്കുമോ; | (സി) | എറണാകുളം ജില്ലയിലെ കാലടി ശ്രീ.ശങ്കരകോളേജിലെ അദ്ധ്യാപകനായ ഡോ.രജിത്കുമാർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം നാഷണൽ സർവ്വീസ് സ്കീമിന്റെ 'സേവ് എ ടീനേജർ' പദ്ധതിയുടെ പരിശീലകനും എൻ.എസ്.എസ് സെല്ലിലെ പ്രോജക്ട് ഓഫീസറുമാണ്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ നിരവധി വിദ്യാലയങ്ങളിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും കൗമാര ആരോഗ്യം, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ ഫലപ്രദമായി സംഘടിപ്പിച്ചത്, ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇയാളെ എൻ.എസ്.എസിന്റെ പ്രോജക്ട് ഓഫീസറായി നിയമിച്ചത്. |
| (ഡി) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏത് സ്ഥാപനമാണ് 'മൂല്യബോധനയാത്ര' നടത്തിയതെന്നും ആയതിന് ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ? | (ഡി) | 23.01.2013 ലെ സ.ഉ(സാധ)നം.102/2013/ഉവിവ പ്രകാരം എൻ.എസ്.എസ് നോഡൽ ഏജൻസിയായും സർവ്വ ശിക്ഷാ അഭിയാൻ, സാക്ഷരതാമിഷൻ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഐ.റ്റി അറ്റ് സ്കൂൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, നാഷണൽ കേഡറ്റ് കോർപ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, ലൈബ്രറി കൗൺസിൽ, മഹിളാ സമഖ്യ സൊസൈറ്റി എന്നീ 15 വകുപ്പുകളുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് മൂല്യബോധനയാത്ര സംഘടിപ്പിച്ചത്. മൂല്യബോധനയാത്ര സംഘടിപ്പിക്കുന്നതിലേക്ക് 5,10,383/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ